## ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:06.02.2025**

## പ്രധാനവാർത്തകൾ

1. **പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തിൽ രാഷ്ട്രപതി നടത്തിയ പ്രസംഗത്തിന്മേലുള്ള നന്ദി പ്രമേയത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാജ്യസഭയിൽ മറുപടി നൽകും.**

2. **അമേരിക്കയിൽ നിന്ന് ഇന്ത്യൻ പൗരന്മാരെ നാട്ടിലേക്ക് തിരിച്ചയച്ച വിഷയത്തെച്ചൊല്ലി പാർലമെൻറിൻറെ ഇരുസഭകളിലും പ്രതിപക്ഷ ബഹളം.**

3. **2025-26 സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാന ബജറ്റ് നാളെ ധനമന്ത്രി കെ എൻ ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിക്കും.**

4. **കേരള ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റിന് തിരുവനന്തപുരത്ത് തുടക്കമായി. ഇലക്ട്രിക് വാഹനങ്ങളുടെ നിർമാണ രൂപരേഖയിൽ ഊന്നൽ നൽകുന്ന സംസ്ഥാനത്തെ ആദ്യ വ്യവസായ പാർക്ക് വിളപ്പിൽശാലയിൽ ആരംഭിക്കുമെന്ന് മന്ത്രി പി രാജീവ്.**

RJU TVPM

5. **38-ാ മത് നാഷണൽ ഗെയിംസിൽ മെഡൽ പ്രതീക്ഷയുമായി തായ് ക്കൊണ്ടോയിൽ കേരള താരങ്ങൾ ഇന്ന് മത്സരിക്കും.**

6. **ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കം. I.S.L ഫുട്ബോളിൽ ഇന്ന് എഫ്സി ഗോവ ഒഡീഷ എഫ്സി പോരാട്ടം.**

==========================================

**പ്രധാനമന്ത്രി - രാജ്യസഭ**

പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു നടത്തിയ പ്രസംഗത്തിനുള്ള നന്ദി പ്രമേയത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് രാജ്യസഭയിൽ മറുപടി നൽകും. ഇന്ന് വൈകിട്ടായിരിക്കും ഉപരിസഭയിൽ പ്രധാനമന്ത്രിയുടെ മറുപടി പ്രസംഗം. പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു സാമൂഹ്യ മാധ്യമ കുറിപ്പിലാണ് ഇക്കാര്യം അറിയിച്ചത്. രണ്ട് ദിവസം മുമ്പ് ലോക്സഭ രാഷ്ട്രപതിയുടെ പ്രസംഗത്തിനുള്ള നന്ദി പ്രമേയം പാസാക്കിയിരുന്നു.

RNUTVPM

==========================================

**പാർലമെൻറ്**

പാർലമെന്റ് ഇരുസഭകളിലും പ്രതിപക്ഷ ബഹളം. അമേരിക്കയിൽ നിന്ന് ഇന്ത്യൻ പൗരന്മാരെ നാട്ടിലേക്ക് മടക്കിയതിൽ പ്രതിഷേധിച്ചാണ് സഭ പ്രക്ഷുബ്ധമായത്. ബഹളം ശക്തമായതോടെ ലോക്സഭ 2 മണി വരെ നിർത്തിവച്ചു.

==========================================

## സംസ്ഥാന ബജറ്റ്

2025-26 സാമ്പത്തിക വർഷത്തേക്കുള്ള കേരള സംസ്ഥാന ബജറ്റ് ധനമന്ത്രി കെ എൻ ബാലഗോപാൽ നാളെ നിയമസഭയിൽ അവതരിപ്പിക്കും. വയനാട് പുനരധിവാസം, ക്ഷേമപെൻഷൻ വർദ്ധന എന്നിവയുമായി ബന്ധപ്പെട്ട പ്രഖ്യാപനങ്ങൾ ബജറ്റിലുണ്ടാകുമെന്നാണ് പ്രതീക്ഷ. ഈ മാസം 10 മുതൽ 13 വരെ ബജറ്റിന്മേലുള്ള ചർച്ച നടക്കും. ബജറ്റ് സമ്മേളനത്തിൻറെ ആദ്യഘട്ടം നന്ദിപ്രമേയ ചർച്ചകൾ പൂർത്തിയാക്കി ജനുവരി 23-ന് അവസാനിച്ചിരുന്നു.

==========================================

## കേരള ഓട്ടോമോട്ടീവ് പി രാജീവ് - (ഇൻട്രോ)

ലോകത്തിലെ പ്രധാന കമ്പനികൾ പങ്കെടുക്കുന്ന കേരള ഓട്ടോമോട്ടീവ് ടെക്നോളജി സമ്മിറ്റിന് തിരുവനന്തപുരത്ത് തുടക്കമായി. മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്ത പരിപാടിയിൽ മന്ത്രി കെ രാജൻ പങ്കെടുത്തു. ഇലക്ട്രിക്ക് വാഹനങ്ങളുടെ നിർമാണത്തിനുള്ള രൂപരേഖയിലും ഘടകങ്ങളിലും ഊന്നൽ നൽകുന്ന സംസ്ഥാനത്തെ ആദ്യ വ്യവസായ പാർക്ക് തിരുവനതപുരം വിളപ്പിൽശാലയിൽ ആരംഭിക്കുമെന്ന് മന്ത്രി പി രാജീവ് ചടങ്ങിൽ പറഞ്ഞു.

**(വോയിസ്.........)**

കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയും കേരള സംസ്ഥാന വ്യാവസായിക വികസന കോർപ്പറേഷനും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

==========================================

RNU TVPM

## കണ്ണൂർ - തട്ടിപ്പ് കേസ്

കണ്ണൂരിൽ പകുതിവിലയ്ക്ക് ഇരുചക്ര വാഹനം വാഗ്ദാനം ചെയ്ത് കോടിക്കണക്കിന് രൂപയുടെ തട്ടിപ്പ് നടത്തിയ കേസ് അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിച്ചു. കണ്ണൂർ അസി. പോലീസ് കമ്മിഷണർ ഇൻ ചാർജ് ജയൻ ഡൊമിനിക്കിൻറെ നേതൃത്വത്തിലുള്ള സംഘമാണ് കേസ് അന്വേഷിക്കുന്നത്. വിവിധ സ്റ്റേഷനുകളിലായി 700 പരാതികൾ ആണ് ലഭിച്ചത്. 10 കോടി രൂപയുടെ നഷ്ട മുണ്ടായതായാണ് കണക്ക്.

==========================================

## ഷാരോൺ വധക്കേസ് - അപ്പീൽ

പാറശാല ഷാരോൺ വധക്കേസ് പ്രതി ഗ്രീഷ്മ ഹൈക്കോടതിയിൽ അപ്പീൽ ഹർജി നൽകി. കേസിലെ വിചാരണയ്ക്ക് ശേഷം നെയ്യാറ്റിൻകര അഡീഷണൽ സെഷൻസ് കോടതി പുറപ്പെടുവിച്ച ശിക്ഷാവിധി റദ്ദാക്കണം എന്നാവശ്യപ്പെട്ടാണ് ഹർജി. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട കേസിലുള്ള അപ്പീൽ ഹർജി കോടതി ഇന്ന് പരിഗണിക്കുമെന്നാണ് സൂചന. നിലവിൽ തിരുവനന്തപുരം അട്ടക്കുളങ്ങര ജയിലിൽ കഴിയുകയാണ് ഗ്രീഷ്മ.

==========================================

## കോഴിക്കോട് -കേസ്

കോഴിക്കോട് മുക്കത്തിന് സമീപം ഹോട്ടൽ ജീവനക്കാരിയെ ഉപദ്രവിക്കാൻ ശ്രമിച്ച സംഭവത്തിൽപ്രതികളായ രണ്ട് പേർ കോടതിയിൽ ഹാജരായി. കേസിൽ ഹോട്ടൽ ഉടമയെ ഇന്നലെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു.

==========================================

PNUTVPM

**<u>ബ്രേക്ക്......</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==========================================

**<u>ആകാശവാണി സെമിനാർ</u>**

ആകാശവാണി പ്രക്ഷേപണത്തിന്റെ 75 വർഷങ്ങൾ ആഘോഷിക്കുന്ന പശ്ചാത്തലത്തിൽ മാവേലിക്കര രാജ്യാന്തര പുസ്തകോത്സവ സമിതിയുടെ സഹകരണത്തോടെ സെമിനാർ സംഘടിപ്പിക്കുന്നു. നാളെ മാവേലിക്കര ജോർജിയൻ ഗ്രൗണ്ടിൽ നടക്കുന്ന പരിപാടിയിൽ ആകാശവാണി തിരുവനന്തപുരം നിലയം അസിസ്റ്റന്റ് ഡയറക്ടർ ശ്രീകുമാർ മുഖത്തല, ഭാരതീയ വിചാരകേന്ദ്രം ഡയറക്ടർ ആർ സഞ്ജയൻ തുടങ്ങിയവർ പങ്കെടുക്കും.

==========================================

**<u>പക്ഷിപ്പനി</u>**

പക്ഷിപ്പനി ബാധയെ തുടർന്ന് വളർത്തുപക്ഷികളെ നഷ്ടപ്പെട്ട കർഷർക്കുള്ള നഷ്ടപരിഹാരം മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ഇന്ന് ആലപ്പുഴയിൽ വിതരണം ചെയ്യും. മൂന്ന് കോടി രൂപയാണ് ചടങ്ങിൽ വിതരണം ചെയ്യുക. ചുങ്കത്തുള്ള സംസ്ഥാന കയർ മെഷീനറി നിർമ്മാണ കമ്പനി ഹാളിൽ നടക്കുന്ന ചടങ്ങിന് എച്ച് സലാം എം.എൽ.എ അധ്യക്ഷത വഹിക്കും.

==========================================

**<u>കണ്ണൂർ ഫെസ്റ്റ് - (ഇൻട്രോ)</u>**

റോബോട്ടിക്സിന്റെ അനന്ത സാധ്യതകളുമായി കണ്ണൂർ ഗവ. എൻജിനീയറിങ് കോളേജിൽ മൂന്ന് ദിവസത്തെ അഖിലേന്ത്യാ മൾട്ടി ഫെസ്റ്റ് ഇന്ന് ആരംഭിക്കും. വൈകിട്ട് ഐ.എസ്.ആർ.ഓ. മുൻ ഡയറക്ടർ ഡോ. പി.കുഞ്ഞികൃഷ്ണൻ ഉദ്ഘാടനം ചെയ്യും.

PNUTVPM

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ....**
**(വോയിസ്............)**

==========================================

**<u>കണ്ണൂർ - കായികമേള</u>**

കേൾവി-സംസാര വൈകല്യമുള്ളവരുടെ സംസ്ഥാന കായികമേള ഇന്ന് തലശ്ശേരി സ്റ്റേഡിയത്തിൽ ആരംഭിക്കും. മൂന്നു ദിവസങ്ങളിലായി നാലു വേദികളിൽ നടക്കുന്ന മത്സരത്തിൽ 600 ഓളം പേർ പങ്കെടുക്കും.വൈകീട്ട് തലശ്ശേരി നഗരസഭാ ചെയർപേഴ്സൺ കെ.എം.ജമുനാറാണി ഉദ്ഘാടനം ചെയ്യും.

==========================================

**<u>ഇടുക്കി പൈൻ ഗാർഡൻ- (ഇൻട്രോ)</u>**

പൂർണ്ണമായി ഇക്കോ ടൂറിസത്തിലേക്ക് മാറുകയാണ് പീരുമേട് തട്ടാത്തിക്കാനം പൈൻ ഗാർഡൻ. കോട്ടയം ഫോറസ്റ്റ് ഡിവിഷന് കീഴിലുള്ള വന വികസന ഏജൻസിയും, പെരിയാർ വെസ്റ്റ് വന വികസന ഏജൻസിയുടെയും നിയന്ത്രണത്തിലാണ് തട്ടാത്തിക്കാനം പൈൻ ഗാർഡൻ.

**വിശദാംശങ്ങളുമായി ആകാശവാണി**
**ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**
**(വോയിസ്..............)**

==========================================

**<u>കൊച്ചി - തീപിടുത്തം</u>**

കൊച്ചിയിൽ ഹ്യുണ്ടായി കാർ സർവീസ് സെൻററിൽ തീപിടുത്തം. തീ അണക്കാനുള്ള അഗ്നിരക്ഷ സേനയുടെ ശ്രമങ്ങൾ പുരോഗമിക്കുന്നു. നിലവിൽ ആളപായം ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

==========================================

RNU TVPM

## നാഷണൽ ഗെയിംസ്

38-ാ മത് നാഷണൽ ഗെയിംസിൽ മെഡൽ പ്രതീക്ഷയുമായി തായ് ക്കൊണ്ടോയിൽ കേരള താരങ്ങൾ ഇന്ന് മത്സരിക്കും. കയറൂഗിൽ 57 കിലോഗ്രാം വിഭാഗത്തിൽ കെ.എ എബിനയും വനിതാ പുംസെയിൽ ലെയ ഫാത്തിമയും ഇന്ന് മത്സരിക്കും. ഫുട്ബോളിൽ ഫൈനൽ യോഗ്യത നേടിയ കേരള ടീം നാളെ ഉത്തരാഖണ്ഡിനെ നേരിടും. അത് ലറ്റിക് മത്സരങ്ങൾ മറ്റന്നാൾ ആരംഭിക്കും. നാഷണൽ ഗെയിംസിൽ 29 സ്വർണ്ണവുമായി കർണ്ണാടകയാണ് മുന്നിൽ. സർവീസസ് രണ്ടാമതും മധ്യപ്രദേശ് മൂന്നാം സ്ഥാനത്തുമാണ്. ഒൻപത് സ്വർണ്ണം ഉൾപ്പെടെ, 24 മെഡലുകളുമായി കേരളം ഒൻപതാം സ്ഥാനത്താണ്.

==========================================

## ക്രിക്കറ്റ്

ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് ഇന്ന് തുടക്കമാകും. മഹാരാഷ്ട്രയിലെ നാഗ്പൂരിൽ വിദർഭ ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് 1.30-നാണ് മത്സരം. ഇന്ത്യൻ ടീമിനെ രോഹിത് ശർമ നയിക്കും. ജോസ് ബട്ലർ ആണ് ഇംഗ്ലണ്ട് ടീമിനെ നയിക്കുന്നത്.

==========================================

## ഐ.എസ്.എൽ

I.S.L ഫുട്ബോളിൽ ഇന്ന് എഫ്സി ഗോവ ഒഡീഷ എഫ്സിയെ നേരിടും. രാത്രി 7:30- ന് ഗോവയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ പഞ്ചാബ് എഫ്സിയെ പരാജയപ്പെടുത്തി മോഹൻ ബഗാൻ, പ്ലേ ഓഫ് യോഗ്യത നേടി.

RIJU TVPM

=====================================

**സംസ്ഥാനം - താപനില**

സംസ്ഥാനത്ത് ഇന്നും നാളെയും ഒറ്റപ്പെട്ടയിടങ്ങളിൽ സാധാരണയെക്കാൾ 2 മുതൽ 3 ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പൊതുജനങ്ങൾ ജാഗ്രതാ പാലിക്കണം. നിർജലീകരണം ഒഴിവാക്കാൻ ധാരാളം വെള്ളം കുടിക്കണമെന്നും, പകൽ 11 മണി മുതൽ 3 മണി വരെ നേരിട്ടുള്ള സൂര്യപ്രകാശം ഏൽക്കരുതെന്നും നിർദേശമുണ്ട്.

=====================================

**കള്ളക്കടൽ പ്രതിഭാസം**

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി കേരള തീരത്ത് ഇന്ന് ഉയർന്ന തിരമാലകയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതി പഠന ഗവേഷണ കേന്ദ്രം. തീരദേശവാസികളും മത്സ്യത്തൊഴികളും ജാഗ്രത പാലിക്കണം. ചെറിയ വള്ളങ്ങളും ബോട്ടുകളും ഈ സമയത്ത് കടലിലേക്ക് ഇറക്കുന്നത് ഒഴിവാക്കേണ്ടതാണ്.

RNUTVPM

=====================================

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെസ് 272 പോയിൻറ് താഴ്ന്ന് 77,999 പോയിൻറിലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 82 പോയിൻറ് താഴ്ന്ന് 23,614 - ലും വ്യാപാരം തുടരുന്നു. സ്വർണ വില കൂടി. ഗ്രാമിന് 25 രൂപ കൂടി 7,930 രൂപയും പവന് 200 രൂപ വർധിച്ച് 63,440 രൂപയുമാണ് ഇന്നത്തെ വില.

=============================================